കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മീനച്ചിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 7-1440/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനച്ചിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-22, 1-23, 1-29 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 7-1440/2022 തീയ്യതി: 23/07/2022

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 28-09-2020 മുതൽ 31-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എം.എൻ രാധാകൃഷ്ണൻ.	ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ)	24-06-2022	25-06-2022
ശ്രീ ഷൈജു എസ്.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	26-06-2022	30-06-2022
ശ്രീമതി ബീനാകുമാരി സി. ആർ	ഡെപ്യൂട്ടി ഡയറക്ടർ	01-07-2022	02-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-06-2022	02-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി.ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസി. ഓഡിറ്റ് ഓഫീസർ
അമ്പിളി എം,അസി.ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി.ബി., സീനി. ഗ്രേഡ് ഓഡിറ്റർ

ജോഷി തോമസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മേഴ്സിക്കുട്ടി കുര്യാക്കോസ്	പ്രസിഡൻറ്	01-04-2020	31-10-2020
ശ്രീ ജോയി സെബാസ്റ്റ്യൻ	പ്രസിഡൻറ്	30-12-2020	31-03-2021
ശ്രീ സുശീൽ എം.	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജയകൃഷ്ണ.ജെ	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി രാജിമോൾ.കെ.ആർ	വി.ഇ.ഒ,ഇടമറ്റം	01-04-2020	31-03-2021
ശ്രീ സിയാദ്.വി.എ	വി.ഇ.ഒ,പൂവരണി	01-04-2020	31-03-2021
ശ്രീമതി കൊച്ചുറാണി തോമസ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2020	31-05-2020
ശ്രീമതി ശ്രീകല കെ.കെ.	ഐസിഡിഎസ് സൂപ്പർവൈസർ	01-06-2020	17-12-2020
ശ്രീമതി അഞ്ജു ട്രീസ ജോയി	ഐസിഡിഎസ് സൂപ്പർവൈസർ	18-12-2020	31-03-2021
ശ്രീ സുധീർ.പി.എസ്	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി അനുപമ ബി നായർ	ഹെഡ് മാസ്റ്റർ	01-04-2020	31-03-2021
ശ്രീ നിർമ്മൽ മാത്യു ജോസ്	മെഡിക്കൽ ഓഫീസർ(പിഎച്ച്സി)	01-04-2020	31-03-2021
ശ്രീമതി ഹേമ.കെ.കർത്താ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2020	18-01-2021
ശ്രീ ചാണ്ടി ജെ ഡാനിയേൽ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	19-01-2021	31-03-2021
ശ്രീ ലിബീഷ് മാത്യു	ഡയറി ഫീൽഡ് ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ശ്രീമതി തുളസിഭായ്.സി.ആർ.	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2020	31-05-2020
ശ്രീ പോൾ തോമസ്	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-06-2020	31-03-2021
ശ്രീമതി അഹനാ മനോഹർ	അസി. എഞ്ചിനീയർ	01-04-2020	14-02-2021
ശ്രീമതി ഹരിലക്ഷ്മി എസ്	അസി. എഞ്ചിനീയർ	15-02-2021	31-03-2021
ശ്രീമതി മിനിജ.പി.തോമസ്	അസി. സെക്രട്ടറി	01-04-2020	31-03-2021

01.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികകണക്കുകളുടെ അവലോകനം	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതിഅവലോകനം.	1-5
6	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
7	സാമൂഹ്യക്ഷേമ പദ്ധതികൾ	1-7
8	കാഷ് വേരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വസ്തുനികുതി -മേഖല അടിസ്ഥാനത്തിൽ നികുതി ഇളവ് നൽകിയത് സംബന്ധിച്ച്	1-11
12	കെട്ടിടം വിഭജിച്ച് നികുതി നിർണയിച്ചപ്പോൾ വസ്തുനികുതി കുറവായി നിർണയിച്ചു	1-12
13	വസ്തുനികുതി ഒഴിവാക്കൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല	1-13
14	ഒറ്റത്തവണ കെട്ടിടനികുതി അടവാക്കൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല	1-14
15	സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല	1-15
16	വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല.	1-16
17	ലേലം വരവുകൾ-രേഖകളും വിശദാംശങ്ങളും ലഭ്യമായില്ല	1-17
18	പ്രത്യേകോദ്ദേശ്യ ഗ്രാന്റിനങ്ങളിൽ അവശേഷിക്കുന്ന തുകകൾ തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-18
19	പഞ്ചായത്ത് നൽകിയിരിക്കുന്ന വിവിധ അഡ്വാൻസുകൾ - അഡ്ജസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-19
20	പുത്തൻശബരിമല എസ്സ്.സി.കോളനിയിൽ കുഴൽ കിണർ നിർമ്മാണം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല	1-20
21	പി.ഡബ്ല്യു.ഡി യ്ക്ക് സോയിൽ ടെസ്റ്റിംഗ് ഫീസ് -ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല.	1-21
22	സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ - പ്രോജക്ട് സംബന്ധിച്ച്	1-22
23	പ്രോജക്ട് നമ്പർ 249/21(SO)- തെരുവ് വിളക്ക് സംരക്ഷണം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ	1-23
24	സുഭിക്ഷകേരളം- ഫലവൃക്ഷ തൈവിതരണം സംബന്ധിച്ച്	1-24
25	കിഴപറയാർ പി. എച്ച്.സി. വൈദ്യുതീകരണം (പ്രോജക്ട് നം. 40/21) - കരാറുകാരന് അധിക തുക നൽകി	1-25
26	ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ കാലി വീപ്പകളുടെ ജി.എസ്.റ്റി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു	1-26
27	അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.	1-27
28	വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.	1-28
29	കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരഭം- അർഹതയില്ലാത്ത ഗ്രൂപ്പിന് ധനസഹായം അനുവദിച്ചു	1-29
30	കന്നുകുട്ടി പരിപാലന പദ്ധതി- പൂർണ്ണമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-30
31	എ.ബി.സി. പ്രോഗ്രാം- നടപ്പാക്കിയിട്ടില്ല	1-31
32	വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല	1-32
33	ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ	1-33
34	കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ	1-34

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരഭം- അർഹതയില്ലാത്ത ഗ്രൂപ്പിന് ധനസഹായം അനുവദിച്ചു	3-1
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 15-02-2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	R&P പ്രകാരം
മുന്നിരിപ്പ്	5997507	6568439.53
വരവ്	142562512	58474372
ആകെ	148560019	65042811.53
ചെലവ്	142766080	54839377
നീക്കിയിരിപ്പ്	5793939	10203434.53

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/ യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10,71,61,542/- രൂപയും ചെലവ് 10,77,05,054/- രൂപയും വരവിൽ കവിഞ്ഞ ചെലവ് 543512/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 44521693.26 രൂപയും ബാധ്യതകളുടെ മൂല്യം 56325845.53 രൂപയും ജനറൽ ഫണ്ട് 11804152.27 രൂപയുമാണ്. 2020-21 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള വരവ്,ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി ചുവടെ ചേർത്തിരിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇനം	രജിസ്റ്റർ പ്രകാരം	വാർഷികകണക്ക് പ്രകാരം
340200102 – Auction Deposit (R)	10000	-
340200102 – Auction Deposit (P)	150000	85030
340200101 – Rent Deposit (P)	75000	-
340100301 – Contractors' Retention (P)	102156	88516

340100103 - Bidders'EMD(P)	29700	50600
340100102- Suppliers' EMD (P)	14900	4000
340100101- Contractors'EMD(P)	61150	40650

2. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

3.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തൻവർഷം നാല് ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 206353 രൂപയുടെ ചെലവ് മാത്രമാണ് RP- 49 ൽ പ്രതിഫലിച്ചിട്ടുള്ളത്.

8. ILGMS ൽ തയ്യാറാക്കിയ ട്രെയൽ ബാലൻസ് സ്റ്റേറ്റ് മെന്റ് തെറ്റായാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ പ്രകാരമുള്ള അക്കൗണ്ടിംഗ് ആരംഭിച്ചത് 28-9-2020 മുതലാണ്. പ്രാരംഭ നടപടിയായി 31-3-2020 ലെ ബാലൻസ് ഷീറ്റ് ILGMS ന്റെ ഓപ്പണിംഗ് ബാലൻസ് ഷീറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4-20 മുതൽ 27-9-2020 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ (ആകെ വരവ് /ചെലവ്) പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കുമ്പോൾ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 27-9-2020 ലെ റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രക എന്നിവ തുല്യമാകേണ്ടതാണ്.ഇവ പരിശോധിച്ചിൽ വ്യത്യാസം കാണുന്നു.
9. ശുചിത്വമിഷൻ ഗ്രാന്റ് നീക്കിയിരിപ്പ് വാർഷികണക്കുമായി പൊരുത്തപ്പെടുന്നില്ല.
10. ദേശീയ തൊഴിലുറപ്പ് പദ്ധതി ആകെ വരവ് വാർഷികണക്കുമായി പൊരുത്തപ്പെടുന്നില്ല.

RECEIPT& PAYMENT

ഇനം	ഐഎൽജിഎംഎസ് 27-9-2020	സാംഖ്യ 27-9-2020
റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്	6568439.53	6568439.53
റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്	21431143	21427643
റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ്	27999582.53	27996082.53
റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ചെലവ്	20594132	20590632

റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്	7405450.53	7405450.53

INCOME & EXPENDITURE

ഇനം	ഐഎൽജിഎംഎസ് 27-9-2020	സാംഖ്യ 27-9-2020
ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്	22411569	22678044
ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവ്	18140697	17790933
ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള Gross Surplus	4270872	4887111

മേൽ പറഞ്ഞ രണ്ട് പത്രികകളിലെയും ഡാറ്റാ എൻട്രിയിലുണ്ടായ വ്യത്യാസം പരിശോധിക്കേണ്ടതാണ്.

ഇ-സബ്മിഷൻ നടത്തിയ വാർഷിക കണക്കും മാനുവൽ വാർഷിക കണക്കുകളും തമ്മിലുള്ള വ്യത്യാസം

റസീപ്റ്റ് & പേയ്മെന്റ് , ഇൻകം & എക്സ്പെൻഡിച്ചർ , ബാലൻസ് ഷീറ്റ് സംഗ്രഹങ്ങളിൽ ഇ-സബ്മിഷൻ വാർഷിക കണക്കും മാനുവൽ വാർഷിക കണക്കും തമ്മിൽ ചില വ്യത്യാസങ്ങൾ കാണുന്നു. എന്നാൽ വിശദമായ സ്റ്റേറ്റ്മെന്റിൽ ആയവ കൃത്യത പുലർത്തുന്നുമുണ്ട്.

ഇനം	മാനുവൽ AFS	ഇ-സബ്മിറ്റഡ് AFS
റസീപ്റ്റ് & പേയ്മെന്റ്	65042811.53	277436725.12
ബാലൻസ് ഷീറ്റ്	56325845.53	235322194.12
ഇൻകം & എക്സ്പെൻഡിച്ചർ		
വരുമാനം	107161542	434379508
ചെലവ്	107705054	439538552

ഇ-സബ്മിഷൻ നടത്തിയ വാർഷികകണക്കുകളിൽ ഇൻകം അന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രയർ പീരീഡ് ഇൻകം 6556 രൂപ ഇൻകം ഭാഗത്താണ് ചേർത്തിരിക്കുന്നത്. എന്നാൽ മാനുവൽ വാർഷികകണക്കുകളിലെ ഇൻകം അന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രയർ പീരീഡ് ഇൻകം 6556 രൂപ എക്സ്പെൻഡിച്ചർ ഭാഗത്താണ് ചേർത്തിരിക്കുന്നത്.

1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	6568439.53
ഓഡിറ്റ് വർഷത്തെ ആകെ വരവ്	58474372
ആകെ	65042811.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	54839377
നീക്കിയിരിപ്പ്	10203434.53
വരവിനങ്ങളിലുള്ള നഷ്ടം	

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	225000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1519946

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	ബജറ്റ് വിഹിതം	ആകെ	ചെലവ്	സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	9666000	9666000	9655293	10707	99.88
വികസനഫണ്ട് എസ്.സി.പി.	0	1721000	1721000	1380163	340837	80.19
വികസനഫണ്ട് ടി.എസ്.പി.	0	98013	98013	89627	8386	91.07
സംരക്ഷണഗ്രാന്റ് റോഡ്	0	12995000	12995000	12138894	856106	93.41
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	3456681	3456681	3456681	0	100
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)	0	6718249	6718249	4608077	2110172	68.59
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	3760000	3760000	1124480	2635520	29.90
ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം	675231	282331	957562	813681	143881	84.97
ശുചിത്വമിഷൻ ഗ്രാന്റ്	264943	2283917	2548860	1352469	1196396	53.06

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1212909/-രൂപ, 58667/-രൂപ, 14627/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം/ പേര്	ചെലവ്	ഫണ്ടിനം
205/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	262800	വികസനഫണ്ട് പൊതുവിഭാഗം
293/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	262800	വികസനഫണ്ട് പൊതുവിഭാഗം
294/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക	262800	വികസനഫണ്ട് പൊതുവിഭാഗം

295/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	212255	വികസനഫണ്ട് പൊതുവിഭാഗം
298/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	212254	വികസനഫണ്ട് പൊതുവിഭാഗം
ആകെ	1212909	
296/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.)	29333	വികസനഫണ്ട് എസ്.സി.പി.
299/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.)	29334	വികസനഫണ്ട് എസ്.സി.പി.
ആകെ	58667	
297/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (റ്റി.എസ്.പി.)	7314	വികസനഫണ്ട് റ്റി.എസ്.പി.
300/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (റ്റി.എസ്.പി.)	7313	വികസനഫണ്ട് റ്റി.എസ്.പി.
ആകെ	14627	

1-5 പദ്ധതിഅവലോകനം.

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 30.1.2020, 25.2.2020 തീയതികളിൽ യോഗം ചേർന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 1/(2)/9.12.2019 നമ്പർ തീരുമാനപ്രകാരം പുനസംഘടന അംഗീകരിച്ചു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 10.01.2020 ൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 23.1.2020ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ ചേരുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 1/(1)/6.07.2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നെങ്കിലും കോവിഡ് മഹാമാരി രൂക്ഷമായിരുന്നതിനാൽ ചേരുവാൻ സാധിച്ചിരുന്നില്ല. 17.3.2020ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 27.7.2020 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
216	72075016	184	40062100	32	78

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ ചെലവ്
കൃഷി ഓഫീസർ	9	1725745	8	1357358

വെറ്റിനറി സർജൻ	10	2370740	10	1672946
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	7	1594340	7	1461926
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	1	300000	1	300000
മെഡിക്കൽ ഓഫീസർ ഹോമിയോ	1	25000	1	25000
വി.ഇ.ഒ	19	25556400	15	6572395
ഐ.സി.ഡി.എസ് സൂപ്പർവൈസർ	6	3306611	6	2731577
സെക്രട്ടറി	40	7329679	37	6004472
അസിസ്റ്റന്റ് എൻജിനീയർ	114	28150701	92	18864013
ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ	2	450000	1	100000
ഡയറി ഫാം ഇൻസ്ട്രക്ടർ	1	700000	1	500000
അസിസ്റ്റന്റ് സെക്രട്ടറി	6	565800	5	472413
ആകെ	216	72075016	184	40062100

5961728/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2020-21 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റുതുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 5961728/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബജറ്റ് വിഹിതം	ചെലവഴിച്ച തുക	സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത്
വികസന ഫണ്ട് (പൊതുവിഭാഗം)	9666000	9655293	10707
വികസന ഫണ്ട് (എസ്.സി.പി)	1721000	1380163	340837
വികസന ഫണ്ട് (ടി.എസ്.പി)	98013	89627	8386
സംരക്ഷണ ഗ്രാന്റ് (റോഡ്)	12995000	12138894	856106
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	6718249	4608077	2110172
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	3760000	1124480	2635520
ആകെ			5961728

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 60 ലക്ഷത്തോളം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗത്തിൽ 99.88 ശതമാനവും സംരക്ഷണ ഗ്രാന്റ് റോഡിതര വിഭാഗത്തിൽ 100 ശതമാനവും തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

. നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 18 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 1825291/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1225291/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 400000/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 200000/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2020-21 വർഷം 386 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 782 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 553 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 162 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 62184 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 457 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 134 അയൽകൂട്ടങ്ങളിൽ 105 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1152 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, മഴക്കുഴികൾ, ഫാം പോണ്ട് നിർമ്മാണം, കംപോസ്റ്റ് പിറ്റ്, തോടുകളുടെ സംരക്ഷണം, കിണർ നിർമ്മാണം, കിണർ റീചാർജിംഗ് എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, അസോള ടാങ്ക്, റോഡ് കോൺക്രീറ്റിംഗ്, മിനി എം.സി.എഫ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കാഷ്	5939	961778	967717	966372	1345
ഇ.എഫ്.എം.എസ്.	0	26299279	26299279	26299279	0
ആകെ	5939	27261057	27266996	27265651	1345

1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	10440	15
വാർദ്ധക്യകാലപെൻഷൻ	17478400	1366
കർഷകതൊഴിലാളി പെൻഷൻ	2134000	152
വിധവാപെൻഷൻ	7157000	506
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	756800	53
വികലാംഗപെൻഷൻ	2451500	172
വിവാഹ ധനസഹായം	240000	8

1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി മീനച്ചിൽ

ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 24/06/2022-ന് 03:45 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12230/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിൽ 28.9.2020 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനഓഡിറ്റ് നടത്തിയതീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04/2021	19-20	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ്	01/2018	2012-13 മുതൽ 2016-17വരെ	LBA(HQ)4/18A-2753/345 Dated 1/03/2018

1-11 വസ്തുനികുതി -മേഖല അടിസ്ഥാനത്തിൽ നികുതി ഇളവ് നൽകിയത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ 2020-21 വർഷത്തെ "സഞ്ചയ"യിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഒരേ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന രണ്ട് കെട്ടിടങ്ങൾക്ക് രണ്ട് മേഖലകളായി രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം	കെട്ടിട ഉടമയുടെ പേര്	വിസ്തീർണം	സഞ്ചയ പ്രകാരം രേഖപ്പെടുത്തിയ മേഖല
1	3/341 സി	പി.സി. വേണുഗോപാലൻ നായർ, പുതുപ്പള്ളിയിൽ, ഇടമറ്റം	199.78	ദ്വിതീയം
2	3/341 ഇ	പി.സി. വേണുഗോപാലൻ നായർ, പുതുപ്പള്ളിയിൽ, ഇടമറ്റം	18.05	പ്രഥമം

ഒരേ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകൾ രേഖപ്പെടുത്തിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേഖല പുനർനിർണയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണത്തിൽ മേഖലകളും റോഡിന്റെ തരവും കൃത്യമായി രേഖപ്പെടുത്തി നികുതി നിർണയിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

1-12 കെട്ടിടം വിഭജിച്ച് നികുതി നിർണയിച്ചപ്പോൾ വസ്തുനികുതി കുറവായി നിർണയിച്ചു

വസ്തുനികുതി പരിശോധനയിൽ തെയ്യമ്മ ഷെട്ടി എന്ന വ്യക്തിയുടെ 7/573 എന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,

റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടം മൂന്ന് ഇലക്ട്രിസിറ്റി കണക്ഷനുകൾ ലഭിയ്ക്കുന്നതിനായി സ്പ്ളിറ്റ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടു. അപേക്ഷ പരിഗണിച്ച് കെട്ടിടത്തിന് മൂന്നു നമ്പരുകള് (7/573,7/573 എ,7/573 ബി) അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട നം	കെട്ടിട ഉടമയുടെ പേര്	വിസ്തീർണ്ണം (ച.മീ.)	കെട്ടിടത്തിന്റെ ഉപയോഗക്രമം
7/573	തെയ്യമ്മ ഷെട്ടി, സംസ്കൃതി അപ്പാർട്ട്മെന്റ്സ്, ഫ്ലാറ്റ് നം.7,അണ്ണാ നഗർ, ചെന്നൈ,	113	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ
7/573 എ	”	64.35	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർവരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ
7/573 ബി	”	64.25	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർവരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ

ഒരേ ഉപയോഗക്രമത്തിനായി ഉപയോഗിക്കുന്ന കെട്ടിടം വിഭജിച്ച് വസ്തുനികുതി പുനർനിർണയിച്ചപ്പോൾ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയുടെ നിരക്കായ 50/ ച.മീറ്ററിന് പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഗണത്തിലുൾപ്പെടുത്തി 30/ ച.മീ. എന്ന നിരക്കിലാണ് നികുതി നിർണയിച്ചത്. കെട്ടിടം വിഭജിച്ച് നികുതി നിർണയിച്ചപ്പോൾ വസ്തുനികുതി കുറവായി നിർണയിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-13 വസ്തുനികുതി ഒഴിവാക്കൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

സഞ്ചയയിലെ വസ്തു നികുതി അസസ്മെന്റ് പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് എം.എസ്. നം.144/15/തസ്വഭവ/27.04.15 പ്രകാരം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഈ ഉത്തരവു പ്രകാരമുള്ള ആനുകൂല്യം 60 ച.മീറ്റർ(660 സ്കചയർ ഫീറ്റ്) വരെ വിസ്തീർണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തി സ.ഉ(എം.എസ്.) നം. 358/15/തസ്വഭവ തീ.16.12.15 സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് ഒരേ വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം	സഞ്ചയ പ്രകാരം കെട്ടിട ഉടമ	തറ വിസ്തീർണം (ച.മീ)
1	2/52	ഗോപാലനാശാരി, പുളിക്കക്കുന്നേൽ	43
	2/51	ഗോപാലനാശാരി, പുളിക്കക്കുന്നേൽ	26
2	2/274എ	മറിയക്കുട്ടി, പുളിമൂട്ടിൽ	59.5
	2/275	മറിയക്കുട്ടി,	44

		പുളിമൂട്ടിൽ	
3	2/339	ലീല, ഒലിപ്പിൽ	31
	2/340 എ	ലീല, ഒലിപ്പിൽ	44.36
4	6/25 എ	ജിജോ മാത്യു, പുത്തൻപുരയ്ക്കൽ	21.5
	6/26	ജിജോ മാത്യു, പുത്തൻപുരയ്ക്കൽ	46
5	6/389	വർക്കി വർക്കി, പുളിമൂട്ടിൽ	32
	6/390	വർക്കി വർക്കി, പുളിമൂട്ടിൽ	28

ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഉടമസ്ഥത മാറ്റാത്തതിനാലും പൊളിച്ചു കളഞ്ഞ കെട്ടിങ്ങളായതിനാലുമാണ് അപാകത വന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-14 ഒറ്റത്തവണ കെട്ടിടനികുതി അടവാക്കൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 ലെ സ ഉ (എം എസ്) നം 231/15/തസ്വഭവ പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർത്ത് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നു. വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ നടത്തിയ പരിശോധനയിൽ മേൽ നിർദ്ദേശം പാലിക്കുന്നതിന്റെയോ വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകൾ ഉണ്ടായിരുന്നില്ല . പരിശോധിച്ച ഏതാനും ഫയലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നമ്പർ	ഫയൽ നമ്പർ	കെട്ടിട നമ്പർ/ വില്ലേജ്	ഉടമയുടെ പേര്	പ്ലീന്ത് ഏരിയ (M2)/ ഉപയാ ഗഗണം
1	A3-347/20	6/62 A	ലതാമോൾ എ.ബി., കീന്തനാനിയ്ക്കൽ	266.19
2	A3-99/21	2/440 A	ഔസേപ്പച്ചൻ കെ.എം., കോക്കാട്ടുമുണ്ടയ്ക്കൽ	297.39
3	A3-625/20	7/295 C3, 7/295 C4, 7/295 C5	പി.ഡി.പ്രശാന്ത്, സൗപർണ്ണിക	128.28, 213.81, 268.5
4	A3-347/21	4/1 A	ജിജോ ഫ്രാൻസിസ്, വടക്കേൽ	268.65
5	A3-2772/20	7/106 A	സി.പി.തോമസ്& ജോസഫ് തോമസ്	227

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/30.6.22) പരാമർശിച്ച കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചു. വസ്തുനികുതി നിർണയിച്ച് നൽകുമ്പോൾ വില്ലേജ് ഓഫീസിൽ വിവരങ്ങൾ

കൈമാറിയിട്ടുണ്ടെന്നും മേൽ സർക്കാർ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്നു കാണുന്നു.

ക്രമ നം	സ്ഥാപനം	അർദ്ധവർഷം
1	ബിഎസ്എൻഎൽ	1&2
2	വിളക്കുമരുത് പച്ചത്തോട് ക്ഷീരോദ്പാദക സംഘം	1&2
3	ജെ 4ജെ ഫിനാൻസിയേർസ്, പൈക	1&2
4	പാംബ്ലാനിയിൽ എസ് ജെ കൺസ്ട്രക്ഷൻസ് പൈക	1&2
5	എ&ബി അസോസിയേറ്റ്സ് പൈക	1&2
6	ക്ഷീരോദ്പാദക സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ,ടോഡി പാർലറുകൾ	1&2

സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമ നം. 1, 2, 6 എന്നിവയ്ക്ക് സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ കത്തു നൽകുന്നതാണെന്നും മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും മറുപടി ലഭിച്ചു. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

1-16 വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 21 കടമുറികളും 7 ഫിഷ് സ്റ്റാൾ മുറികളുമാണ് രജിസ്റ്ററുകൾ പ്രകാരം വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ ആരുമായും കരാറുകളിലേർപ്പെടുന്നില്ലെന്ന് പരിശോധയിൽ ബോധ്യപ്പെട്ടു. വാടകയ്ക്ക് കടമുറികളും സ്റ്റാളുകളും നൽകുമ്പോൾ കരാറുകൾ കൃത്യമായി തയ്യാറാക്കി നിയമപരമാക്കുന്നെന്ന് ഉറപ്പാക്കേണ്ടതാണ്.

1-17 ലേലം വരവുകൾ-രേഖകളും വിശദാംശങ്ങളും ലഭ്യമായില്ല

1. പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തടികളുടെ ലേലത്തിൽ നിന്നും 86000 രൂപ വരവുള്ളതായി കാണുന്നു. എന്നാൽ ലേല രജിസ്റ്റർ പ്രകാരം ഈ തുക ലഭിച്ചതിന്റെ വിശദാംശങ്ങളോ ലേലം സംബന്ധിച്ച മറ്റ് വിവരങ്ങളോ ലഭ്യമായില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് കമ്മിറ്റിയുടെ 24.8.20 തീയതിയിലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം പൂവരണി അമ്പലത്തിനോട് ചേർന്ന് പഞ്ചായത്ത് പുറമ്പോക്കിൽ നിന്നിരുന്ന മരം മീനച്ചിൽ വലിയതോട്ടിലേക്ക് വീണ് നീരൊഴുക്ക് തടസ്സപ്പെട്ടതിനാലും ലേലം ചെയ്തു പോകുന്നതിന് കാലതാമസം വരുമെന്നതിനാലും നീരൊഴുക്കിന് തടസ്സം വരാതെ തടി വെട്ടി കരയ്ക്ക് കയറ്റി വെക്കുന്നതിനും ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും തീരുമാനമെടുത്തിരുന്നു. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

3. 23.9.20 ലെ 3/2 നമ്പർ തീരുമാനപ്രകാരം 6-ാംവാർഡിൽ വിളക്കുമാടം ചെമ്പകശേരി റേഷൻകടയ്ക്ക് സമീപം പൊന്നൊഴുകും തോട് ചെക്ക് ഡാമിന്റെ അരികിൽ

അപകടാവസ്ഥയിൽ നിൽക്കുന്ന ആഞ്ഞിലിമരം ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

4. 9.11.20 ലെ നമ്പർ എ 5/1152/19 ൽ സെക്രട്ടറി അസി. ഫോറസ്റ്റ് കൺസർവേറ്റർ , കോട്ടയത്തിന് അയച്ച കത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുടുംബശ്രീ കെട്ടിടത്തിന്റെ പിൻവശത്ത് നിൽക്കുന്നതുമായ തേക്ക് മരം, പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന തടിക്കഷണങ്ങൾ, വാർഡ് രണ്ടിൽ തറപ്പേൽ കടവിന് സമീപം അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ആഞ്ഞിലിമരം, വാർഡ് രണ്ടിൽ ഉണങ്ങി നിൽക്കുന്ന തേക്കുമരം, പാച്ചാത്തോട് കോളനി ഭാഗത്ത് നിൽക്കുന്ന മരുത് മരം, വാർഡ് എട്ടിൽ ശ്രീമതി സൗമ്യ ആനിത്തോട്ടത്തിന്റെ പുരയിടത്തിലേക്ക് വീണു കിടക്കുന്ന പാലമരം എന്നിവയുടെ മുമ്പ് നടത്തിയ മൂല്യനിർണ്ണയം കൂടുതലായതിനാൽ മൂല്യം പുനർനിർണയിച്ച് നൽകുന്നതിനും ലേലം ചെയ്യാൻ കഴിയാത്തവിധം ജീർണാവസ്ഥയിലുള്ളവ ഒഴിവാക്കി നൽകുന്നതിനും നടപടി സ്വീകരിക്കുന്നതിനും അഭ്യർത്ഥിച്ചിരുന്നു. തുടർനടപടികൾ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സൂചിപ്പിച്ചിരുന്നെങ്കിലും ആവശ്യമായ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടില്ല. മുൻവർഷം സൂചിപ്പിച്ച ഏതാനും തടികൾ ലേലം ചെയ്യാനാകാതെ നശിച്ചു പോയ അവസ്ഥയിലാണ്. ലേല നടപടികൾ സമയബന്ധിതമായി നടത്തി പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-18 പ്രത്യേകോദ്ദേശ്യ ഗ്രാന്റിനങ്ങളിൽ അവശേഷിക്കുന്ന തുകകൾ തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളിൽ തുകകൾ അവശേഷിക്കുന്നതായി കാണുന്നു.

ഇനം	ചെക്ക് നം/ ലഭിച്ച തീയതി	അവശേഷിക്കുന്നതുക (രൂപ)
320200399 – PYKA-	857707/23.04.15	280000
320300199 - RSBY / CHIC	875861/30.10.13 884876/09.12.14	5412
320400101 – NABARD Assistance(പ്രോജക്ട് നം102/15 , കൊച്ചുകൊട്ടാരം അങ്കണവാടി നിർമ്മാണം)	07.10.15 , 31.03.16	25739
320700105, ജില്ലാ പഞ്ചായത്ത് വിഹിതം (Capital- പ്രോജക്ട് നം140/17, ഹോമിയോ ഡിസ്പെൻസറി പുനരുദ്ധാരണം)	30.03.2017	17349
320700205, ജില്ലാ പഞ്ചായത്ത് വിഹിതം (റവന്യൂ) – സുജലം പ്രോജക്ട്	22.03.2019	54428
320100162 , SSA	-	51866

തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്

എൻക്വയറി നം . 21/01.07.2022 യ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുകകൾ തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം എസ് ബി ഐ യുടെ 67010587282(SSA) , 57039726151 (OAD) അക്കൗണ്ടുകളിൽ യഥാക്രമം 51866 രൂപ, 40088 രൂപ അവശേഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ 40088 രൂപ വാർദ്ധക്യകാല പെൻഷൻ അവശേഷിച്ചത് അക്കൗണ്ടിൽനിന്ന് തിരികെ എടുക്കപ്പെട്ടു എന്ന് അറിയിച്ചു.

1-19 പഞ്ചായത്ത് നൽകിയിരിക്കുന്ന വിവിധ അഡ്വാൻസുകൾ - അഡ്ജസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഇനം	അഡ്വാൻസ് നൽകിയ തീയതി	തുക	ഓഡിറ്റ് എൻക്വയറിയ്ക്ക് (26/02.07.22) നൽകിയ മറുപടി
460500499 Advance To Other Accredited Agencies	24.01.17 , 04.04.17, 21.04.17	56,568	സാക്ഷരതാ മിഷൻ പ്രേരകുമാർക്ക് ഹോണറേറിയം നൽകിയ ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സാക്ഷരതാ മിഷൻ ജില്ലാ ഓഫീസിനോട് ആവശ്യപ്പെടുന്നതാണ്
460500304 Advance To Kudumbasree Neighborhood Group	31.03.18	5,00.000	2012-13 ൽ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നൽകിയ തുകയാണിത്. അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് പരാമർശപ്രകാരമാണ് തുക 2017-18 വർഷം അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയത്. കുടുംബശ്രീ മുഖേന ടി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.
460100199 Other Advance	11.14.16, 27.03.20	3900	ജലനിധി ഗുണഭോക്തൃസംഘങ്ങൾക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതാണ്.

തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 പുത്തൻശബരിമല എസ്സ്.സി.കോളനിയിൽ കുഴൽ കിണർ നിർമ്മാണം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 150000/ രൂപ പിൻവലിച്ച് (ബിൽ നമ്പർ 34/20-21/15.12.20) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കൈമാറിയിരുന്നു. കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ആകെ 129965/ രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് 05.11.2021 ലെ GWK/ 718/20 നമ്പർ വിനിയോഗസാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിരുന്നു.

ചെലവഴിക്കാതെ അവശേഷിച്ചിരുന്ന 20035 രൂപ (150000-129965) തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/30.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക തിരികെ ഈടാക്കാത്ത സാഹചര്യത്തിൽ 20035 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പി.ഡബ്ല്യു.ഡി യ്ക്ക് സോയിൽ ടെസ്റ്റിംഗ് ഫീസ് -ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല.

പൊന്നൊഴുകും തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 2018-19 ലെ എം.എൽ.എ. എഡിഎസ് പദ്ധതിയിൽ നിന്നും 7500000/രൂപ അനുവദിച്ചിരുന്നു. (പത്ത് ലക്ഷം രൂപയിൽ കുറഞ്ഞ പ്രോജക്ടുകളോ, ഇരുപതിലധികം പ്രോജക്ടുകളോ ഏറ്റെടുക്കുന്നതിനോ), തുക അഡ്വാൻസായി അനുവദിക്കുന്നതിനോ സാധിക്കാത്തതിനാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ആവശ്യത്തിനായി മണ്ണ് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കണം എന്ന ബഹു. എം.എൽ.എയുടെ അഭ്യർത്ഥന പ്രകാരം തനതുഫണ്ടിൽ നിന്നും 200000/ രൂപ പിൻവലിച്ച് (ചെക്ക് നമ്പർ 006507/11.06.20) പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് വിഭാഗത്തിന് കൈമാറിയിരുന്നു. പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് വിഭാഗത്തിൽ നിന്നുള്ള AEEBR-SDOKTM/ 27/2022/D2/PWD നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം പ്രോജക്ടിനായി ആകെ ചെലവഴിച്ചത് 112390/രൂപയാണ്. ഇതനുസരിച്ച് അടവാക്കിയ തുകയിൽ 87610/ രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/30.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പാലം നിർമ്മാണം സംബന്ധിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന 87610/ രൂപ തിരികെ ഈടാക്കാത്ത സാഹചര്യത്തിൽ 87610/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-22 സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ - പ്രോജക്ട് സംബന്ധിച്ച്

പ്രോജക്ട് വിശകലനം

പ്രോജക്ട് നം./തീയതി	56/21/ 01.07.22
നിർവഹണഉദ്യോഗസ്ഥൻ-	സെക്രട്ടറി
ചെലവ്	4,95000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം	09/20-21/ 25.05.20/ 495000/-/

പഞ്ചായത്ത് പരിസരത്ത് അനർട്ട് നിർവ്വഹണ ഏജൻസിയായി പത്ത് കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട് (നമ്പർ 56/21) ലക്ഷ്യം. അനർട്ട് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നും നിർവ്വഹണം നടത്തേണ്ട സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനായി ടെൻണ്ടർ ക്ഷണിച്ചത് പ്രകാരം ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത അൾട്ടർനേറ്റ് എൻർജി കോർപറേഷൻ അങ്കമാലി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പൂർത്തീകരിച്ച സോളാർ പവർ പ്ലാന്റിന്റെ ഗുണമേൻമാ പരിശോധന 26.05.2020 ൽ പരിശോധന നടത്തി 34/ Power Plant/ LSGD-MCHL/ ANERT(KT)/2018-19/ 01.06.2020 നമ്പരായി നൽകിയ സർട്ടിഫിക്കറ്റിൽ അനർട്ടിന്റെ സ്പെസിഫിക്കേഷനിൻ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതിനാൽ പവർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം അനർട്ട് നിഷ്കർഷിച്ചതിലും ഗണ്യമായി കുറവായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. അനർട്ടിന്റെ സ്പെസിഫിക്കേഷനിൻ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, വിഷയം സംബന്ധിച്ച് കരാറുകാരനോട് വിശദീകരണം

തേടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/01.07.22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ വിഷയത്തിന് സ്ഥാപനത്തോട് വിശദീകരണം തേടുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സോളാർ പ്ലാന്റിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് കാണിക്കുന്ന സോളാർ എനർജി മീറ്റർ, കെ.എസ്.ഇ.ബി യുടെ വിതരണശൃംഖലയിൽ നിന്നും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവും വിതരണശൃംഖലയിലേയ്ക്ക് പ്ലാന്റിൽ ഉൽപ്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവും തമ്മിലുള്ള വ്യത്യാസം അളക്കുന്ന നെറ്റ് മീറ്റർ എന്നിവയിലെ റീഡിംഗുകൾ പ്രതിമാസം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. എല്ലാ വർഷവും ഒക്ടോബർ ഒന്നുമുതൽ സെപ്റ്റംബർ ഒന്നുവരെയുള്ള കാലയളവ് സെറ്റിൽമെന്റ് പീരിയഡായി പരിഗണിച്ച് കയറ്റുമതി മിച്ചത്തിന് കെ.എസ്.ഇ.ബി. വില നൽകുന്നതാണ്.സോളാർ എനർജി മീറ്റർ, നെറ്റ് മീറ്റർ എന്നിവയിലെ റീഡിംഗുകൾ പ്രതിമാസം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ സെറ്റിൽമെന്റ് സമയത്ത് കെ എസ് ഇ ബി യുടെ കണക്കിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളില്ലാത്ത സാഹചര്യം സൃഷ്ടിക്കും. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/01.07.22) പഞ്ചായത്ത് നൽകിയ മറുപടിയിൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഊർജ്ജമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1-23 പ്രോജക്ട് നമ്പർ 249/21(SO)- തെരുവ് വിളക്ക് സംരക്ഷണം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 232500/രൂപ (ബിൽ നമ്പർ 26, 30, 34/20-21) ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ആർ.ആർ.ഇലക്ട്രിക്കൽസ് പ്ലാശ്ശനാൽ എന്ന സ്ഥാപനവുമായി 30.09.2019 ൽ കരാറിൽ ഏർപ്പെട്ടു. എന്നാൽ പിന്നീട് സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത പ്രവൃത്തി താൻ കൂടി ഷെയർ ഹോൾഡറായുള്ള വീ വോൾട്ട് ഇലക്ട്രിക്ക് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലേക്ക് കരാർ മാറ്റി നൽകണം എന്ന കരാറുകാരന്റെ ആവശ്യം 25.10.19 ലെ 5(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 945 തെരുവ് വിളക്കുകൾ ഒരു വർഷക്കാലയളവിലേക്ക് പുനരുദ്ധാരണം നടത്തുക എന്നതാണ് പ്രോജക്ട്. ഒരു തെരുവ് വിളക്ക് പുനരുദ്ധാരണം നടത്തുന്നതിനുള്ള തുക 349/ രൂപ എന്നാണ് അംഗീകരിച്ചിട്ടുള്ളത്. ഇത് പ്രകാരം 2020-21 സാമ്പത്തിക വർഷം മൂന്ന് ബില്ലുകൾ പ്രകാരം 232500/രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ	തീയതി	തുക
1	18/20-21	27.08.20	77500/
2	29/20-21	01.12.20	77500/
3	30/20-21	02.12.20	77500/

പാർട്ട് ബിൽ അനുവദിക്കുന്നതിനായി സ്ഥാപനത്തിൽ നിന്നും ഹാജരാക്കിയിട്ടുള്ള ബില്ലിൽ എത്ര എൽ.ഇ.ഡി. ബൾബുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്, എത്ര എണ്ണം പുനരുദ്ധാരണം നടത്തിയിട്ടുണ്ട് , വാങ്ങിയ ഫിറ്റിംഗ്സുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ ചേർത്തിട്ടില്ല. സ്ഥാപനം ഹാജരാക്കിയിട്ടുള്ള ബില്ലിൽ 9 വോൾട്ട് എൽ.ഇ.ഡി. ബൾബ്, ഹോൾഡർ , വയർ , ഷെയ്ഡ് മുതലായവ വാങ്ങൽ കൂടാതെ എ.എം.സി ചാർജ് എന്നുമാണ് കാണിച്ചിട്ടുള്ളത്. ബില്ലിൽ എ.എം.സി. ചാർജ് പ്രത്യേകം വേർതിരിച്ച് കാണിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/01.07.22 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രത്യേകമായി എ.എം.സി, ചാർജ് ഈടാക്കിയതല്ലെന്നും, തെരുവ് വിളക്ക് പുനരുദ്ധാരണം എന്ന അർത്ഥത്തിലാണ് എഴുതിയിട്ടുള്ളത് എന്നും അറിയിച്ചു. .ഭാവിയിൽ സ്ട്രീറ്റ് ലൈറ്റ് പദ്ധതികളുടെ ബിൽ നൽകുമ്പോൾ ഇനം തിരിച്ച് എഴുതണമെന്ന് നിഷ്കർഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം 9 വോൾട്ടിന്റെ ബൾബുകൾ ഫിറ്റിംഗ്സുകൾ എന്നിവ വാങ്ങിയിട്ടുണ്ട് എങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെയും, സ്റ്റോക്കിൽ ചേർത്തതിന്റേയും വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.. ബൾബുകൾ സ്ഥാപിച്ച പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന ബൾബുകളും അവയുടെ ഫിറ്റിംഗ്സുകളും പുതിയവ സ്ഥാപിച്ചപ്പോൾ പഞ്ചായത്തിൽ ഏൽപ്പിച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ, ലൊക്കേഷൻ,

സ്ഥാപിച്ചിട്ടുള്ള ബൾബുകളുടെ വിവരം, എന്നിവ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാങ്ങിയ തെരുവ് വിളക്കുകളുടെയോ അനുബന്ധ സാധനങ്ങളുടെയോ വിവരങ്ങൾ ബില്ലിൽ ലഭ്യമല്ലാത്തതിനാലും ആവശ്യമില്ലാത്ത ഇനമായ എം.എം.സി ചാർജ് ബില്ലിൽ ഉൾപ്പെടുത്തിയതിനാലും ചെലവ് തുകയായ 232500/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 സുഭിക്ഷകേരളം- ഫലവൃക്ഷ തൈവിതരണം സംബന്ധിച്ച്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് (212/21) പ്രകാരം വികസന ഫണ്ടിൽ നിന്നും 245700/രൂപ (ബിൽ നമ്പർ 6/20-21/ 25.01.21) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്തത് (406 രൂപ) നിരപ്പേൽ നഴ്സറി & ഗാർഡൻസ്, മണ്ണുത്തി എന്ന സ്ഥാപനമാണ് പ്രോജക്ട് പ്രകാരം ആകെ 600 ഫലവൃക്ഷത്തൈ കിറ്റുകൾ വാങ്ങുവാനാണ് ലക്ഷ്യമിട്ടത്. സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് ലഭിച്ചതിനുശേഷം സ്ഥാപനം സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാണിച്ച് ടെണ്ടറിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കേണ്ടതിനാൽ തൊട്ടടുത്ത നിരക്ക് (560 രൂപ) ക്വോട്ട് ചെയ്ത സൗത്ത് ഇൻഡ്യൻ അഗ്രി ഫാം മണ്ണുത്തിയിൽ നിന്നും വാങ്ങൽ നടത്തേണ്ട സാഹചര്യം ഉണ്ടായി . തൻമൂലം യൂണിറ്റ് ഒന്നിന് 154/ രൂപ (560-406) അധികച്ചെലവ് ഉണ്ടായി. ആകെ 439 ഫലവൃക്ഷത്തൈ കിറ്റുകളാണ് വാങ്ങിയത്. ടെണ്ടർ ഉറപ്പിച്ച് നൽകിയ സ്ഥാപനം പിൻമാറിയതിനാൽ ആകെ 67606 രൂപയുടെ (439 X 154) അധിക ചെലവുണ്ടായി. രണ്ടാമത് സെലക്ഷൻ നോട്ടീസ് നൽകിയ സ്ഥാപനവുമായി നെഗോസിയേഷൻ നടത്തുന്നതിന് ശ്രമിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ടെണ്ടറിനൊപ്പം പ്രസ്തുത സ്ഥാപനം 120010101222/26.08.20 നമ്പർ രസീത് പ്രകാരം ഒടുക്കിയ ഇ.എം.ഡി 6300/രൂപ കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. കൂടാതെ ടെണ്ടർ ഉറപ്പിച്ച ശേഷം പിൻമാറിയ സ്ഥാപനത്തിനെതിരെ നിയമനാസൃത നടപടികൾ സ്വീകരിക്കാതിരുന്നതിനും നെഗോഷിയേഷൻ നടത്താതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1-25 കിഴപറയാർ പി. എച്ച്.സി. വൈദ്യുതീകരണം (പ്രോജക്ട് നം. 40/21) - കരാറുകാരന് അധിക തുക നൽകി

2020-21- സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ കിഴപറയാർ പി. എച്ച്.സി. വൈദ്യുതീകരണം എന്ന പ്രോജക്ടിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവ് മൂലും കരാറുകാരന് അധികതുക നൽകിയിട്ടുണ്ട്. പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചപ്പോൾ ഏറ്റവും കുറവ് രേഖപ്പെടുത്തിയത് (13% ടെൻഡർ ബിലോ) ശ്രീ.ജോസഫ്.റ്റി.ജെ, തൂമ്പുങ്കൽ എന്നയാളാണ്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെവേലമൂല്യത്തിൽ നിന്നും ടെൻഡർ ബിലോ കുറവ് ചെയ്യാതെ ബിൽ തയ്യാറാക്കി (എം.ബുക്ക് നമ്പർ 1/20-21 പാജ്-45, തീയതി 23.03.21) ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചു. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.03.21 /A2- 2048/20 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് 284068/ രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട് എന്നും മെയിന്റനൻസ് നോൺ റോഡ് ഇനത്തിൽ 222317/രൂപയാണ് ലഭ്യമായിട്ടുള്ളത് എന്നും ആയതിനാൽ ലഭ്യമായ തുക അനുവദിക്കുന്നതിനും ഉത്തരവായി. ഇത് പ്രകാരം2020-21 സാമ്പത്തിക വർഷം ബിൽ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പിൻവലിക്കാവുന്ന തുക

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	243017
Deduct 13% Tender Below (-)	31592
ആകെ വേലമൂല്യം (ടെൻഡർബിലോ കുറവ് ചെയ്ത്)	211425
GST	25371
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	6342

ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്	2114
ആകെ അനുവദിക്കാവുന്നത്	245252

<u>എംബുക്ക് പ്രകാരം അനുവദിച്ച തുക</u>

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	243017
Add 12% GST	29162
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	8917
ചെക്ക് മെഷർ ചെയ്തതിന് അനുവദിച്ച തുക	2972
ആകെ അനുവദിക്കാവുന്നത്	284068

2020-21 സാമ്പത്തിക വർഷം അനുവദിച്ചത് 222317

2021-22 സാമ്പത്തികവർഷം അനുവദിച്ചത് <u>61751</u>

284068

അധികം അനുവദിച്ചത് = (284068-245252) = 38816/-

2021-22 സാമ്പത്തികവർഷം 61753/രൂപ (ബിൽ നമ്പർ 18/21-22 3.9.21) രൂപകൂടി പിന്നീട് കരാറുകാരന് അനുവദിച്ചു. ഇപ്രകാരം ആകെ 284070/ രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിക്കാവുന്നത് 245252 രൂപയാണ്. 38816/ രൂപ (284068 – 245252) അധികം അനുവദിച്ചതായി കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/30.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ പിഴവ് കരാറുകാരനെ ബോദ്ധ്യപ്പെടുത്തി തുക തിരികെ ഇടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാറുകാരന് നൽകിയത്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർ ചെയ്യൽ എന്നീ ഇനങ്ങളിൽ അധികം നൽകിയ 38816/- രൂപ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-26 ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ കാലി വീപ്പകളുടെ ജി.എസ്.റ്റി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

ഗ്രാമ പഞ്ചായത്തിൽ 20-21 വർഷം തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി വീപ്പകളുടെ വിലയിന്മേലുള്ള ജി.എസ്.റ്റ് കുറവ് ചെയ്ത് തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. 20-21 ൽ നിർവ്വഹിച്ച പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ജി.എസ്.റ്റി തുക 6896/-തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. നികുതി വിഹിതങ്ങൾ സമയബന്ധിതമായി ഒടുക്കു വരുത്തി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

<u>1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.</u>

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ പേരിൽ പാലായിലെ എസ്ബിഐ ശാഖയിലെ 67338839536-ാംനം അക്കൗണ്ടിൽ നിലവിലുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

	തുക
പ്രാരംഭബാക്കി (01/04/2020)	രൂ 5931.84
നീക്കിയിരിപ്പ് (31/03/2021)	രൂ 17021.84

മേൽ അക്കൗണ്ടിൽ പലിശ, 67212718333-ാം നം അക്കൗണ്ടിൽ നിന്നും ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ എന്നീ ഇനങ്ങളിലുള്ള തുകകൾ മാത്രമാണ് ക്രഡിറ്റാകുന്നത്. ഈ തുകകൾ ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭിക്കുന്ന ഇ-ദർഘാസ് വിലയാണൊ എന്നത് വ്യക്തമല്ല. ഈ തുകകൾ ഇ-ദർഘാസ് വിലയാണൊ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-28 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷം അസി. എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ എം. ബുക്ക് തുടങ്ങിയ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്	ബിൽ നം. തീയതി	തുക
1	248/21പുളിഞ്ചുവട് ഇടപ്ലോ ക്കിൽ പാണ്ടത്തിൽ റോഡ് കോൺ ക്രീറ്റിങ്ങ്	38/20-21 21/05/20	149792/-
2	215/21 മുകളേൽ പീടിക തൂങ്കുഴി റോഡ് കോൺക്രീറ്റിങ്ങ്	39/20-21 18.08.20	599760/-
3	179/21 പൂവരണി ഗവ.യുപി സ്കൂൾ പുനരുദ്ധാരണം	45/20-21 19.08.20	45809/-
4	200/21 കൊങ്ങോലക്കടവ് മുതിരപ്പാറ റോഡ് കോൺ ക്രീറ്റിങ്ങ്	70/20-21 20.11.20	120000/-
	ആകെ		9,15,361/-

വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 9,15,361/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം- അർഹതയില്ലാത്ത ഗ്രൂപ്പിന് ധനസഹായം അനുവദിച്ചു

പ്രോജക്ട് നം.171/21 (സ്പിൽ ഓവർ)
അടങ്കൽ- 225000 രൂപ (വികസനഫണ്ട് പൊതുവിഭാഗം)
ചെലവ്- 225000 രൂപ (ബിൽ നം. 1/20-21/17.4.20)
നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 5 പേർ അടങ്ങുന്ന വനിത ഗ്രൂപ്പുകൾ ബാങ്ക് ലോൺ എടുത്ത് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നു. സംരംഭങ്ങൾക്ക് വിനിയോഗിക്കുന്ന തുകയുടെ 85% ലിങ്കേജ് സംബ്സിഡിയായി ബാങ്കിലേയ്ക്ക് നൽകുന്നു. ഗ്രൂപ്പുകൾ ലോൺ അടച്ചു തീർക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗ്രൂപ്പുകളുടെ എസ്.ബി അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് നൽകുന്നു. ഇപ്രകാരമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് പ്രകാരം അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിന് 225000 രൂപ സ്വയംതൊഴിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പിന് മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 300000 രൂപ ലോൺ അനുവദിച്ചിരുന്നു. ആയത് 14.3.2020 ൽ തന്നെ എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ലോൺ തുക വിനിയോഗിച്ച് 10.4.2020 മുതൽ 27.11.2020 വരെയുള്ള തീയതികളിൽ വിവിധ വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ നിന്നും റെഡിമെയിഡ് വസ്ത്രങ്ങൾ ഉൾപ്പടെയുള്ള തുണിത്തരങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബില്ലുകളിൽ പലതും കാഷ് ബില്ലുകൾ അല്ല. ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിലെ ധനകാര്യ വിശകലനത്തിൽ ചേർത്തിട്ടുള്ള തയ്യൽ യൂണിറ്റിന് ആവശ്യമായ മെഷിനറികൾ വാങ്ങിയതായി കാണുന്നില്ല. സബ്സിഡി തുക 225000 രൂപ മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ ICICI ബാങ്കിലുള്ള 094101001240 നമ്പർ അക്കൗണ്ടിലേക്ക് 13.5.2020 ൽ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം 8.5.2014 ൽ ടി സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുള്ളതാണ്. 8.5.2014 മുതൽ 29.2.2020 വരെയുള്ള കാലയളവിലെ KAASS ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 29.2.2020 ൽ സ്ഥാപനത്തിന് 516559 രപ ആസ്തിയുള്ളതായും 2017 ൽ

പഞ്ചായത്തിൽ നിന്നും 40000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചതായും കണ്ടു. 29.2.2020 ൽ സ്ഥാപനത്തിന് 217349 രൂപയുടെ സ്ഥിര ആസ്തികളും ഉണ്ടായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	തുക
തയ്യൽ മെഷീൻ, മോട്ടോർ	99000
കട്ടിംഗ് ടേബിൾ	5415
ഓഫീസ് ടേബിൾ	7671
ഓഫീസ് ഷെൽഫ്	28500
അലമാര	4512
കസേര	4964
ഫാൻ	2707
കട്ടർ	10830
ഓഫീസ് ഫർമിഷിംഗ്	23750
സെക്യൂരിറ്റി ഡെപ്പോസിറ്റ്	30000
ആകെ	217349

പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. പുതിയ സംരംഭം തുടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ലിങ്കേജ് സബ്സിഡിയായി ധനസഹായം അനുവദിക്കേണ്ടിയിരുന്നത്. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ 20/1.7.2022). ആയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കൂടാതെ 13.5.2020 ൽ അനുവദിച്ച സബ്സിഡി തുകയിൽ 219562 രൂപ അന്നുതന്നെ ലോൺ തിരിച്ചടവിനായി വിനിയോഗിച്ചതായി ലോൺ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ആയതും പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഈ സാഹചര്യത്തിൽ, 8.5.2014 മുതൽ പ്രവർത്തിച്ചുവരുന്ന ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാലും അനുവദിച്ച സബ്സിഡി തുക പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിനിയോഗിച്ചതായി കണ്ടതിനാലും അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിക്കുന്നതിനായി പിൻവലിച്ച 225000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 225000 രൂപ അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-30 കന്നുകുട്ടി പരിപാലന പദ്ധതി- പൂർണ്ണമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 64/21

അടങ്കൽ- 1000000 രൂപ (500000 രൂപ- വികസന ഫണ്ട് + 500000 രൂപ- ഗുണഭോക്തൃവിഹിതം)
ചെലവ്- 500000 രൂപ (വികസന ഫണ്ട്, ബിൽ നം. 9/20-21/ 23.1.21)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി 500000 രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രവും കന്നുകുട്ടികളെ എന്റോൾ ചെയ്ത ലിസ്റ്റും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിരുന്നില്ല. അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 40 കന്നുകുട്ടികളെ എന്റോൾ ചെയ്ത ലിസ്റ്റും 408160 രൂപയുടെ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കി. 91840 രൂപയുടെ വിനിയോഗസാക്ഷ്യപത്രവുംകൂടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 91840 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 എ.ബി.സി. പ്രോഗ്രാം- നടപ്പാക്കിയിട്ടില്ല

പ്രോജക്ട് നം. 151/21

അടങ്കൽ- 25000 രൂപ (വികസന ഫണ്ട്)
ചെലവ്- 25000 രൂപ (ബിൽ നം. 5/20-21/ 15.10.20)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിന്,

എ.ബി.സി. പ്രോഗ്രാം ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 25000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പാക്കിയതിന്റെ വിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഹൈക്കോടതി വിധിയുടെയും മൃഗസംരക്ഷണവകുപ്പിന്റെ 23.12.2021 ലെ AHD/3850/2021-E2 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാം താൽക്കാലിമായി നിർത്തിവെച്ചിരിക്കുകയാണെന്ന് അറിയിച്ചു. തുടർ നടപടികൾക്ക് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു. പദ്ധതി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ 25000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷം സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ രണ്ട് പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, പേര്	നിക്ഷേപിച്ച തുക	ബിൽനമ്പർ തീയതി	നിക്ഷേപിച്ച ഏജൻസി
1	14/21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-വാർഡ് 13 (സെക്രട്ടറി)	47600/രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്	33/ 20-21 /14.12.20	ഇലക്ട്രിസിറ്റി ബോർഡ്
2	33/21- SSA വിഹിതം അടവാക്കൽ (ഹെഡ്മാസ്റ്റർ)	100000/രൂപ വികസന ഫണ്ട്	1/20-21/ 23.09.20	SSA
	ആകെ	147600		

വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 147600/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

ക്രമ നം.	ഗുണഭോക്താവ്	നാളിതുവരെ കൈപ്പറ്റിയ തുക
1	രാജിമോൻ കെ. ആർ, കൊല്ലംപറമ്പിൽ	350000
2	അൽഫോൻസ ജോൺ, ശൗര്യാംകുഴിയിൽ	350000
3	സരോജിനി വി. എൻ, വടക്കേമുറിയിൽ	350000
4	കെ. എസ്. ചെല്ലപ്പൻ, കിഴക്കേൽ	340000
5	മേരി ചാക്കോ, മാടമലയിൽ	300000

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

2020-21 വർഷം സാമൂഹിക അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, മാസ്കുകൾ, ഗ്ളൗസുകൾ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, വിവിധ മേഖലയിലുള്ള ഭക്ഷണ വിതരണ ചെലവുകൾ എന്നിവയാണ് കോവിഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ പ്രധാന ചെലവുകൾ. സി.എഫ്.എൽ.റ്റി.സിയ്ക്കായി കേന്ദ്രം സജ്ജീകരിച്ചിരുന്നുവെങ്കിലും ശുചീകരണപ്രവർത്തനങ്ങൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. സാമൂഹിക അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, കോവിഡ് അനുബന്ധച്ചെലവുകൾ എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും 1,00,225 രൂപയാണ് 2020-21 ൽ ചെലവഴിച്ചിരിക്കുന്നത്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരഭം- അർഹതയില്ലാത്ത ഗ്രൂപ്പിന് ധനസഹായം അനുവദിച്ചു

പ്രോജക്ട് നം.171/21 (സ്പിൽ ഓവർ)

അടങ്കൽ- 225000 രൂപ (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്- 225000 രൂപ (ബിൽ നം. 1/20-21/17.4.20)
നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 5 പേർ അടങ്ങുന്ന വനിത ഗ്രൂപ്പുകൾ ബാങ്ക് ലോൺ എടുത്ത് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നു. സംരംഭങ്ങൾക്ക് വിനിയോഗിക്കുന്ന തുകയുടെ 85% ലിങ്കേജ് സംബ്സിഡിയായി ബാങ്കിലേയ്ക്ക് നൽകുന്നു. ഗ്രൂപ്പുകൾ ലോൺ അടച്ചു തീർക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗ്രൂപ്പുകളുടെ എസ്.ബി അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് നൽകുന്നു. ഇപ്രകാരമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് പ്രകാരം അനുപമ ടെയിലറിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പിന് 225000 രൂപ സ്വയംതൊഴിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പിന് മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 300000 രൂപ ലോൺ അനുവദിച്ചിരുന്നു. ആയത് 14.3.2020 ൽ തന്നെ എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ലോൺ തുക വിനിയോഗിച്ച് 10.4.2020 മുതൽ 27.11.2020 വരെയുള്ള തീയതികളിൽ വിവിധ വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ നിന്നും റെഡിമെയിഡ് വസ്ത്രങ്ങൾ ഉൾപ്പടെയുള്ള തുണിത്തരങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബില്ലുകളിൽ പലതും കാഷ് ബില്ലുകൾ അല്ല. ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിലെ ധനകാര്യ വിശകലനത്തിൽ ചേർത്തിട്ടുള്ള തയ്യൽ യൂണിറ്റിന് ആവശ്യമായ മെഷിനറികൾ വാങ്ങിയതായി കാണുന്നില്ല. സബ്സിഡി തുക 225000 രൂപ മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ ICICI ബാങ്കിലുള്ള 094101001240 നമ്പർ അക്കൗണ്ടിലേക്ക് 13.5.2020 ൽ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം 8.5.2014 ൽ ടി സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുള്ളതാണ്. 8.5.2014 മുതൽ 29.2.2020 വരെയുള്ള കാലയളവിലെ KAASS ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 29.2.2020 ൽ സ്ഥാപനത്തിന് 516559 രൂപ ആസ്തിയുള്ളതായും 2017 ൽ പഞ്ചായത്തിൽ നിന്നും 40000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചതായും കണ്ടു. 29.2.2020 ൽ സ്ഥാപനത്തിന് 217349 രൂപയുടെ സ്ഥിര ആസ്തികളും ഉണ്ടായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	തുക
തയ്യൽ മെഷീൻ, മോട്ടോർ	99000

കട്ടിംഗ് ടേബിൾ	5415
ഓഫീസ് ടേബിൾ	7671
ഓഫീസ് ഷെൽഫ്	28500
അലമാര	4512
കസേര	4964
ഫാൻ	2707
കട്ടർ	10830
ഓഫീസ് ഫർമിഷിംഗ്	23750
സെക്യൂരിറ്റി ഡെപ്പോസിറ്റ്	30000
ആകെ	217349

പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. പുതിയ സംരംഭം തുടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ലിങ്കേജ് സബ്സിഡിയായി ധനസഹായം അനുവദിക്കേണ്ടിയിരുന്നത്. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ 20/1.7.2022). ആയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കൂടാതെ 13.5.2020 ൽ അനുവദിച്ച സബ്സിഡി തുകയിൽ 219562 രൂപ അന്നുതന്നെ ലോൺ തിരിച്ചടവിനായി വിനിയോഗിച്ചതായി ലോൺ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ആയതും പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഈ സാഹചര്യത്തിൽ, 8.5.2014 മുതൽ പ്രവർത്തിച്ചുവരുന്ന ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാലും അനുവദിച്ച സബ്സിഡി തുക പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിനിയോഗിച്ചതായി കണ്ടതിനാലും അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിന് സബ്സിഡി അനുവദിക്കുന്നതിനായി പിൻവലിച്ച 225000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 225000 രൂപ അനുപമ ടെയിലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 4.8.2021-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24.06.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം

നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	157821	പാലിയേറ്റീവ് പരിചരണ പദ്ധതി (158/21)	157821	0
	200000	പാലിയേറ്റീവ് പരിചരണ പദ്ധതി -12 ഇന പരിപാടി (57/21)	200000	0
	50000	മാനസിക വെല്ലുവിളികൾ നേരിടുന്ന	50000	0

		വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-36/21		
	100000	ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി (53/21)	100000	0
ആകെ			507821	
ജില്ലാ പഞ്ചായത്ത്	149000	ലൈഫ് ഭവന നിർമാണം പട്ടികജാതി(28/21)	149000	0
	160000	ലൈഫ് ഭവനപദ്ധതി ജനറൽ(26/21)	160000	0
	1300000	ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ (24/21)	1300000	0
	200000	മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-36/21	200000	0
	382789	ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമാണം നാലാം ഘട്ടം (174/21)	382789	0
ആകെ			2191789	

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെഎസ്ഇബി	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 8 (10/21)	96760	96760	0
	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 9 (11/21)	99592	99592	0
	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 11 (12/21)	99828	99828	0
	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 13 (14/21)	47600	-	47600

ആകെ		343780	296180	47600
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	പുത്തൻ ശബരിമല എസ് സി കോളനിയിൽ കുഴൽകിണർ നിർമാണം (150/21)	150000	129965	20035
	പാറപ്പള്ളി ലക്ഷം വീട് കുടിവെള്ള പദ്ധതി കുഴൽകിണർ നിർമാണം (262/21)	250000	249882	118
ആകെ		400000	379847	20153
പിഡബ്ള്യു ഡി	പിഡ്ബ്ളു ഡിയ്ക്ക് സോയിൽ ടെസ്റ്റിംഗ് ഫീസ് അടവാക്കൽ (211/21)	200000	112390	87610

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	01.04.2019-ൽ തിരിച്ചടയ്ക്കാനുള്ള തുക	തൻവർഷം ലഭിച്ച ലോൺ തുക	2020-21 വർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ.(എം.എസ്.) 83/2013/ എൽ.എസ്.ജി.ഡി. തീയതി-11.03.2013	2520000	-	520000	2000000
ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.എഫ്.സി ലോൺ	ജി.ഒ.(എം.എസ്) 68/2018, 18.05.2018, ജി.ഒ.(എം.എസ്) 100/2018, 30.07.2018	3523869	320000	497803	3346066

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നും ലഭിച്ചിട്ടില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	65042811.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	54839377
വരവിനങ്ങളിലുള്ള നഷ്ടം	:	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	225000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1519946

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-29		225000	സിയാദ് വി.എ, വി.ഇ.ഒ, പൂവരണി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	20035	സുശീൽ എം., സെക്രട്ടറി
1-21	87610	സുശീൽ എം., സെക്രട്ടറി
1-23	232500	സുശീൽ എം., സെക്രട്ടറി
1-28	915361	ആഹാ മനോഹർ, അസി. എഞ്ചിനീയർ
1-30	91840	സുധീർ പി.എസ്, വെറ്ററിനറി സർജൻ
1-31	25000	സുധീർ പി.എസ്, വെറ്ററിനറി സർജൻ
1-32	47600	സുശീൽ എം., സെക്രട്ടറി
1-32	100000	അനുപമ ബി നായർ, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്
	1519946	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
സിയാദ് വി.എ, വി.ഇ.ഒ, പൂവരണി	വി.ഇ.ഒ, തിടനാട് ഗ്രാമ പഞ്ചായത്ത്	വിലങ്ങുപാറ എരുമേലി കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-02 പ്ലാൻ	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	10	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(4)/ 18/06.03.18	1	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(5)/ 18/06.03.18	1	
2006-07	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/16.06.20	2	
2008-09	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/22.06.20	5	
2009-10	നം.കെ.എസ്.എ-കെ.ടി.എം.പി.7/285/16/10.5.16		
2010-11, 2011-12	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/03.07.20	4	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/ 15/20.09.15	13	
2013-14, 2014-15	നം.കെ.എസ്.എ-കെ.ടി.എം.പി.7/1283/16/30.5.17	18	
2015-16	നം.കെ.എസ്.എ-കെ.ടി.എം.പി.7/138/19/30.07.20	14	
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി7-140/19(14)/09.07.20	9	
2017-18	നം.കെ.എസ്.എ-കെ.ടി.എം.പി7/839/2019/3.9.19	21	
2018-19	നം.കെ.എസ്.എ-കെ.ടി.എം.പി7/631/2020/07.08.20	22	
2019-20	കെഎസ്എകെറ്റിഎം പി7/507/2021/31.3.21	17	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന്

അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്